

# സുസ്വരതയുടെ കതിർ കാലവും ഉടയാത്ത മൺവീണയും

സി. രാജഗോപാലൻ.



മണ്ണിന്റെ സർഗ്ഗാത്മകതയെ ആകാശത്തോളം എടുത്തുയർത്തിയ മസനോബു ഫുക്കുവോക്ക ഇനി ഒരോർമ്മ മാത്രം. ജീവിതകാലം മുഴുവൻ മീട്ടിപ്പാടിയ തന്റെ സംഗീതോപകരണത്തിൽ സ്വയം വിലയം പ്രാപിച്ച പാട്ടുകാരനെപ്പോലെ ഒരു അരങ്ങൊഴിയൽ. പക്ഷേ ജീവന്റെ സുസ്വരത തേടുന്ന മനുഷ്യന്റെ പ്രതീക്ഷകളിലും സ്വപ്നങ്ങളിലും ആ സുസ്വരതയുടെ കതിർകാലം അസ്തമിക്കുന്നില്ല.

ഭൂമി എന്ന സ്വയം സൃഷ്ടമായ ഈ മൺവീണ, അതിന്റെ തന്ത്രികൾ തകരാതെ എങ്ങനെ മീട്ടണമെന്ന്, ഏതു വിധം പ്രയോഗിക്കുമ്പോഴാണതിൽ നിന്ന് ജീവിത ലാവണ്യത്തിന്റെ സംഗീതമുതിരുന്നതെന്ന് മറ്റാർക്കും സാധ്യമായിട്ടില്ലാത്ത രീതിയിൽ ഫുക്കുവോക്ക ലോകത്തിനു കാണിച്ചു കൊടുത്തു. ബോധ്യപ്പെടുത്തിക്കൊടുത്തു. ആ ബോധ്യം മാനവരാശിയുടെ ഹൃദയമാകെ നിറയുന്ന ഒരു കാലം വരാതിരിക്കില്ല.

സാമ്പ്രദായിക കൃഷിയിലുൾചേർന്ന ഹിംസയെ തിരിച്ചറിഞ്ഞ്, ഭൂമിയിൽ ആഞ്ഞുവെട്ടുന്ന അധ്വാനത്തെ തികച്ചും അഹിംസാത്മകമായ ഉർവ്വരതാധ്യാനമായി സംശോധനം ചെയ്തെടുക്കുന്ന കലയാണ് ഫുക്കുവോക്ക ചിട്ടപ്പെടുത്തി ഈ ലോകത്തിനുമുമ്പിൽ അവതരിപ്പിച്ചത്. അതല്ലാതെ പലരും ധരിച്ചതും പറയുന്നതും പോലെ കേവലം ഒന്നും ചെയ്യാകൃഷിയല്ല അത്.

അതിന്റെ കേവല സ്പർശം കൊണ്ടുപോലും ഈ മണ്ണിൽ നിന്നും ജീവിത സംഗീതമുയരണം എന്നാവണം ഇത്രമേൽ ഉയർന്ന ഒരു വർഗ്ഗത്തെ ( മനുഷ്യനെ ) സൃഷ്ടിച്ചപ്പോൾ നിയതി സ്വപ്നം കണ്ടിട്ടുണ്ടാവുക എന്നു വിചാരിക്കുന്നതിൽ ഒരു കാവ്യനീതിയുണ്ട്. എന്നാൽ മനുഷ്യൻ നടക്കുന്നേടം ഭൂമി കരിഞ്ഞുപോകും വിധത്തിൽ എന്തേ അത് വിപരീതമായി പരിണമിച്ചത് എന്ന ചോദ്യത്തിന് ഇനിയും ഉത്തരം കാണേണ്ടിയിരിക്കുന്നു. ആ ഉത്തരം തേടുകയും കണ്ടെത്തുകയുമായിരുന്നു ഫുക്കുവോക്ക.

••••

ഓഷോ രജനീഷിനോട് ഒരു ശിഷ്യൻ ചോദിച്ചു : ഭഗവാൻ, ജപ്പാനിലൊരു ഗ്രാമത്തിൽ ഒരു കർഷകൻ ഒന്നും ചെയ്യാതെ, നിലമുഴാതെ, വളമിടാതെ, കളപറിക്കാതെ വലിയ വിളവു നേടുന്നു. ഏറ്റവും ശാസ്ത്രീയമെന്നു വിളിക്കുന്ന, എല്ലാം ചെയ്തുകൊണ്ടുള്ള കടുംകൃഷിയിൽപോലും കിട്ടാത്ത വിളവ്. എന്താണീ അത്ഭുതത്തിനു പിന്നിലെ രഹസ്യം?

ഓഷോ: ഇതിനു പിന്നിൽ ഒരത്ഭുതവുമില്ല രഹസ്യവുമില്ല. ആ മനുഷ്യൻ ആത്യന്തികമായ താളത്തിലെത്തിച്ചേർന്നിരിക്കുന്നു. പ്രകൃതിയുമായി സ്വാഭാവികമായ സ്വരച്ചേർച്ചയിലെത്തിപ്പെട്ടിരിക്കുന്നു. ഒരിക്കൽ പ്രകൃതിയുടെ ആദിതാളവുമായി ഐക്യപ്പെട്ടാൽ പിന്നെ അങ്ങനെയാണ് . ഒന്നും വിശേഷിച്ച് ചെയ്യേണ്ടതില്ല. 'അധ്വാനം' എന്ന നാടകമൊന്നും വേണ്ടതില്ല. ഒന്നും ചെയ്യാതെ തന്നെ നിങ്ങൾ ചോദിക്കുന്നതെന്തും പ്രകൃതി തരും. എന്നു മാത്രമല്ല, ആ സ്വരത്തിനും താളത്തിനും ഭംഗം വരുന്നതൊന്നും പിന്നെ ഉണ്ടാവില്ല; പ്ലാസ്റ്റിക് പോലെ യാതൊന്നും.

*ഗോവിന്ദാലയം, പള്ളിപ്പുറം,*
*പട്ടാമ്പി വഴി, പാലക്കാട*